51

# പ്രസംഗിച്ചിട്ടുളളവയിൽ വെച്ച് വലിയൊരു പ്രസംഗം (17:22- 34)

ചോദിക്കാനിടയുള്ള മുഖ്യ ചോദ്യങ്ങളിൽ ചിലത് ഇതാ: "ഞാൻ എവിടെ നിന്നു വന്നു?"; "ഞാൻ എവിടെ പോകുന്നു?"; "എന്തിനാണ് ഞാനിവിടെ?" "ശാസ്ത്രം ആദ്യത്തേതിനു ഉത്തരം നല്കാൻ ശ്രമിക്കുന്നു, തത്വശാസ്ത്രം രണ്ടാമത്തേതിനും അശ്രാന്ത പരിശ്രമം നല്കുന്നു; എന്നാൽ ക്രിസ്തീയ വിശ്വാസം ഇവ മൂന്നിനും തൃപ്തികരമായ ഉത്തരം നല്കുന്നു."[1]

മനുഷ്യന്റെ സങ്കീർണ്ണമായ ചോദ്യങ്ങൾക്കു സ്വർഗ്ഗത്തിന്റെ തുറന്ന ഉത്തരങ്ങൾ പ്രവൃത്തികൾ 17 ലെ, പൗലൊസിന്റെ അരയോപക കുന്നിലെ പ്രസംഗത്തിലുണ്ട്. ഈ പ്രസംഗം രേഖപ്പെടുത്തിയിരിക്കുന്നതു പത്തു വാക്യങ്ങളിലായിട്ടാണ്, അതു വായിക്കുവാൻ രണ്ടു മിനിറ്റിൽ താഴെ സമയമേ വേണ്ടൂ; എന്നാൽ മർത്യമനുഷ്യർ പ്രസംഗിച്ചിട്ടുള്ള പ്രസംഗങ്ങളിൽ വെച്ച് മഹത്തായ ഒന്നത്രേ.

ഈ അവതരണത്തിന്റെ ചുറ്റുമുള്ള സാഹചര്യങ്ങൾ നാം ചർച്ച ചെയ്തു കഴിഞ്ഞതാണ്. ഇപ്പോൾ നമുക്കു ആ ശ്രേഷ്ടമായ പ്രസംഗം വിശദമായി പരിശോധിക്കാം.

### പ്രസംഗം (17:22-31)

അരയോപകക്കുന്നിൽ (മാർസ് ഹിൽ) രണ്ടുവെളളക്കല്ലുകൾ ഉണ്ടായിരുന്നു. വിചാരണ സമയത്ത്, ക്രിമിനൽ അന്യായം നടത്തുന്നവൻ ഒരു കല്ലിന്മേലും പ്രതി മറ്റേ കല്ലിന്മേലും നില്ക്കും. ശബ്ദം മുകളിലേക്കു പോകുന്നതുകൊണ്ട്, ഇതു കുന്നിന്റെ താഴ്ന്ന പ്രതലത്തിലായിരുന്നു. എന്റെ മനസിൽ, ഈ കല്ലുകളിൽ ഒന്നിലോ അതിനടുത്തോ അഥേനയിലെ ബുദ്ധി ജീവികളോട് പൗലൊസ് സംസാരിക്കുവാൻ തുടങ്ങുന്നത്, എനിക്കു കാണാൻ കഴിയും.

അവൻ എങ്ങനെ തുടർന്നു? പിസിദ്യയിലെ അന്ത്യോക്ക്യയിലെ പള്ളിയിൽ അവൻ തുടങ്ങിയതുപോലെ തുടങ്ങുവാൻ അവനു കഴിഞ്ഞില്ല, ഇസ്രായേൽ ദേശത്തോട് ദൈവം ഇടപെട്ടതാണ് അവിടെ തുടങ്ങുന്നത് (13:17). തെസ്സലൊനികൃയിലെ പള്ളിയിൽ തുടങ്ങിയതുപോലെ "തിരുവെഴുത്തുകളെ" ആധാരമാക്കി സംവാദിച്ചതുപോലെ ഇവിടെ സാധിച്ചില്ല (17:2), കാരണം അവന്റെ ഈ സദസ്യർ ദൈവവചനത്തെ അറിയാത്തവരായിരുന്നു. *നാം എപ്പോഴും ആളുകൾ എവിടെയാണോ അവിടെ ആരംഭിക്കണം.* കിണറ്റിനരികിൽ യേശു അതു സ്ത്രീയെ കണ്ടപ്പോൾ, അവൻ അവളോട് വെള്ളത്തെക്കുറിച്ചു സംസാരിച്ചു - ജീവജലത്തെ (യോഹന്നാൻ 4:10). പൗലൊസ് സ്വയം - പ്രഖ്യാപിച്ച സത്യാന്വേഷികളോട്, അവൻ സത്യം സംസാരിച്ചു - ദൈവത്തെക്കുറിച്ചും മനുഷ്യരെക്കുറിച്ചും ഉള്ള സത്യം.

"പൗലൊസ് അരയോപക മദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞതു, 'അഥേനാപുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തർ എന്നു ഞാൻ കാണുന്നു'" (വാക്യം 22). ഗ്രീക്കുസംയുക്ത വാക്കു തർജ്ജിമ ചെയ്തതാണ് "അതിഭക്തർ" എന്നതു അർത്ഥം "ഭൂതത്തെ - ഭയപ്പെടുന്നവർ" എന്നാണ് (അതായതു., ഭൂതത്തെ ബഹുമാനിക്കുന്നവർ). "ഭൂതം" എന്ന പ്രസ്താവന നമുക്കു മോശമായി തോന്നുന്നതുപോലെ പൗലൊസിന്റെ സദസ്യർക്കു തോന്നിയില്ല. ഗ്രീക്കുകാർ ഭൂതത്തെ ആരാധിച്ചിരുന്നു.[2] ആ പട്ടണം മുഴുവൻ ഭൂതങ്ങൾക്കു സമർപ്പിച്ചതുകൊണ്ടു നിറഞ്ഞിരിക്കയാൽ, അവർ ആ വാക്ക് ഒരു പ്രശംസാ പ്രസ്താവനയായോ[3] അല്ലെങ്കിൽ വിമർശനമായോ,[4] അല്ല എടുത്തത് എന്നാൽ വെറും വാസ്തവ പ്രസ്താവനയായിട്ടാണ്.

താൻ എന്താണ് അർത്ഥമാക്കിയത് എന്ന് പൗലൊസ് ചിത്രീകരിച്ചു: "ഞാൻ, ചുറ്റിനടന്നു നിങ്ങളുടെ പൂജാസ്ഥലങ്ങളെ നോക്കുമ്പോൾ, 'അജ്ഞാത ദേവന്' എന്നു എഴുത്തുള്ള ഒരു വേദിക്കല്ലു കണ്ടു'" (വാക്യം 23). അരയോപകയിൽ അജ്ഞാത ദേവന്മാരുടെ വേദിക്കല്ല് അത് അസാധാരണമായ ഒന്നല്ലായിരുന്നു എന്ന് ലൗകിക ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.[5] ഞാൻ പെരഗമാം സന്ദർശിച്ചപ്പോൾ (അഥേനയിൽ നിന്നുള്ള അയീജ്യൻ കടലിനക്കര), ദെമെത്രയൊസിന്റെ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടു, അവടെ ഭൂഗർഭശാസ്ത്രജ്ഞന്മാർ കണ്ടെടുത്ത "അജ്ഞാതദേവനുള്ള" ഒരു വേദിക്കല്ലു കണ്ടു.

ഈ വേദിക്കല്ലിന്റെ ഉത്ഭവത്തെക്കുറിച്ചു പരിഗണിക്കാവുന്ന ഊഹാപോഹങ്ങൾ ഉണ്ടായിട്ടുണ്ട്. ചില സാഹചര്യത്തിൽ, ഒരു വേദിക്കല്ല് ഉപയോഗശൂന്യമായി കിടക്കുകയും പിന്നീട് കേടുപാട് തീർക്കുകയും ചെയ്യുന്ന സമയം, ആരംഭത്തിൽ ഉണ്ടായിരുന്ന ഭാഗികമായോ പൂർണ്ണമായോ പോയിരിക്കാം, അങ്ങനെ അവയ്ക്കു എഴുതുന്നതാണ് "അജ്ഞാത ദേവന്നു അല്ലെങ്കിൽ ദേവന്മാർക്ക്" എന്ന്.

വർഷങ്ങൾക്കു മുമ്പുണ്ടായ ഒരു സംഭവവുമായി ബന്ധപ്പെട്ടതാണ് പ്രചാരത്തിലിരിക്കുന്ന ഒരു വിശദീകരണം. ഒരു ബാധ ദേശത്തെ മുഴുവൻ തുടച്ചു നീക്കി, ആയിരക്കണക്കിനു ആളുകളെ കൊന്നൊടുക്കി. ദേവന്മാർ അസന്തുഷ്ടരായിരിക്കുന്നു എന്ന ചിന്തയാൽ, ആളുകൾ അവ

രുടെ ആയിരിക്കണക്കിനു ദേവന്മാർക്കു യാഗം കഴിച്ചു, ദേവ കോപം ഇല്ലാതാക്കാൻ. ജ്ഞാനിയും വൃദ്ധനുമായിരുന്ന, എപ്പീമെന്നെഡിസന്റെ ഉപദേശം അവർ ആരാഞ്ഞു. "നിങ്ങൾ അറിയാത്ത ഒരു ദേവൻ നിങ്ങളോട് കോപിച്ചിരിക്കയാണ്," അയാൾ പറഞ്ഞു, അതിനുള്ള പ്രതിവിധി: അവരുടെ ആട്ടിൻകൂട്ടത്തിൽ വിവിധ – വർണ്ണക്കല്ലുകൾ ഉയർത്തി ഓരോന്നിന്റെയും ചുവട്ടിൽ ആടിനെ കിടത്തി യാഗം കഴിച്ചു.[6] അത്തരം യാഗം കഴിച്ച "അജ്ഞാത ദേവന്നു" എന്നെഴുതിയ വേദിക്കല്ലായിരിക്കാം പൗലൊസിന്റെ സമയത്ത് കണ്ടത്.

വേദിക്കല്ലിനെ സംബന്ധിച്ച ഏറ്റവും ലളിതമായ വിവരണം മനസാക്ഷിയുള്ള വിഗ്രഹാ – രാധകൻ അറിയപ്പെടാത്ത ഒരു ദേവനേയും, ഒരു തരത്തിലും വിട്ടുകളയാൻ തയ്യാറായിരുന്നില്ല എന്നതാണ്. വേദിക്കല്ലിന്റെ കാരണം എന്തായാലും അതു പൗലൊസിന്റെ ഉദ്ദേശം തികച്ചു നിറവേറ്റി. "അന്യദേവതമാരെ" പരിചയപ്പെടുത്തിയതിനു അവനെ കുറ്റപ്പെടുത്തിയതാണ് (വാക്യം 18); അഥേനർ സമ്മതിച്ച ദൈവത്തെയാണ് തന്റെ പ്രസംഗത്തിലൂടെ അവൻ അവർക്കു കാണിച്ചു കൊടുക്കുന്നത്, എന്നാൽ ആ ദൈവത്തെ അവർക്കറിഞ്ഞുകൂടാ എന്നു സമ്മതിച്ചിരിക്കുന്നു, "എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നെ" പൗലൊസ് പറഞ്ഞു, "ഞാൻ നിങ്ങളോടു അറിയിക്കുന്നു" (വാക്യം 23).

23–ാം വാക്യത്തിലെ "അറിയാതെ" എന്ന വാക്ക് പരിഹാസ്യവുമായി തോന്നുന്നു. നമ്മിൽ അധികം പേരും അതിനെ "അജ്ഞാതം" എന്നതിനേക്കാൾ "വിരൂപം" എന്നാണ് പറയുക. പൗലൊസ്, എങ്ങനെയായാലും, അവർ അവരുടെ "അറിയപ്പെടാത്ത ദേവന്നു"[7] ഉപയോഗിച്ച വാക്കാണ് ഉപയോഗിച്ചത്. "അജ്ഞാതം" എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തതു *അഗ്നോസ്തോ*[8] എന്നതിൽ നിന്നാണ്, അതു *ഒരു* സംയുക്ത വാക്ക് (എ നെഗേറ്റിങ്ങ് പ്രെഫിക്സ്) എന്നും *ഗ്നോസിസ്* ("നോളേജ്" എന്ന വാക്കിനു). അതു സൂചിപ്പിക്കുന്നതു പരിജ്ഞാനകുറവാണ് (അതായത്, അജ്ഞത), ഫലത്തിൽ, പൗലൊസ് പറഞ്ഞു, "നിങ്ങൾക്ക് അറിയാത്തതെന്നു വിചാരിക്കുന്ന ദൈവത്തെ അറിയുവാൻ എന്നെ ശ്രദ്ധിക്കുക."

**ദൈവം എന്താണ് ചെയ്തതു**

ദൈവത്തിന്റെ ആശയത്തെക്കുറിച്ചു കൃത്യതയില്ലാത്ത ആളുകളോട് പൗലൊസ് ആദ്യം യേശുവിനെകുറിച്ചല്ല പറഞ്ഞത്, ദൈവത്തെക്കുറിച്ചാണ്. ദൈവത്തെകുറിച്ചുള്ള തെറ്റായ കാഴ്ച്ചപ്പാട് കൊണ്ടാണ് എല്ലാ തെറ്റായ മതങ്ങളും ഉള്ളത്. ഓർക്കുക: ആളുകൾ എവിടെ നില്ക്കണമെന്ന് നിങ്ങൾ വിചാരിക്കുന്നിടത്തുനിന്നല്ല, ആളുകൾ എവിടെയാണോ നില്ക്കുന്നത്, അവിടെ നിന്നാണ് തുടങ്ങേണ്ടത്.

(1) ദൈവം എല്ലാം സൃഷ്ടിച്ചു.

ദൈവം ഉണ്ടെന്നുള്ള തത്വശാസ്ത്ര തെളിവുകൾ അല്ല പൗലൊസ് നിരത്തിയത്. അധികം ആളുകളും ഒരു "ദേവൻ" എന്ന ആശയമാണ് വിശ്വസിക്കുന്നത്, അഥേനയിലുള്ളവരെ പോലെ. മറിച്ച്, പൗലൊസിന്റെ പ്രസംഗം പഴയനിയമത്തിൽ നിന്നും ആരംഭിക്കുന്നു (ഉല്പത്തി 1:1) "ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയവൻ" എന്നു തുടങ്ങുന്നു

(വാക്യം 24).[9]

അത്ഭുതവാഹങ്ങളായ കാഴ്ച്ചകളായ വിസ്തൃതമായ വലിയ നദി ഒഴുകി വരുന്ന മലയിടുക്ക്, കാൾസ് ബാഡ് എന്ന ഗുഹകൾ, സ്വിസ് മല നിരകൾ, മനോഹരമായ ആസ്ത്രേലയിലെ ആയേഴ്സ് പാറ, സ്ക്കോട്ട്ലാന്റിലെ തഴെച്ചു വളരുന്ന പച്ചപ്പ്, ഹവായ് ബീച്ചിൽ കാണുന്ന വിസ്മയാവഹമായ സൂര്യാസ്തമയം, എല്ലാ വൻകരകളിലും രാത്രിയിൽ കാണുന്ന മഹത്തായ നക്ഷത്രതാലം കൃത്യമായ രാത്രി എന്നിവ മനസി ലേക്കു വരുന്നു. "ദൈവം ആണ് ഇവയെല്ലാം ഉണ്ടാക്കിയത്!" എന്ന് തിരിച്ചറിഞ്ഞപ്പോൾ ഞാൻ അത്ഭുതപരതന്ത്രനായി.

അവർ ദൈവത്തെ ഉണ്ടാക്കി എന്നല്ല പൗലൊസ് പറഞ്ഞത്, എന്നാൽ ദൈവമാണ് അവരെ ഉണ്ടാക്കിയത് എന്നത്രെ; എന്നാൽ അവർ ദൈവ ത്തിനു ഒരു ഭവനം ഉണ്ടാക്കിയില്ല, പക്ഷേ ദൈവം അവർക്ക് ഒരു ഭവനം ഉണ്ടാക്കി – ഈ ഭൂമി. എപ്പികൂര്യരുടെ സിദ്ധാന്തമായ ലോകം അണുക്ക ളുടെ കൂട്ടിയിടിയുടെ ഫലമായുണ്ടായി എന്ന ആശയത്തെ നിഷേധി ക്കുന്നതായിരുന്നു.

ജീവിതത്തിന്റെ ഉദ്ദേശത്തെ ശരിയായി മനസിലാക്കുവാൻ സൃഷ്ടി കർത്താവിനെകുറിച്ചു അറിയേണ്ടതായിട്ടുണ്ട്: അങ്ങനെ സാത്താൻ പ്രത്യേക സൃഷ്ടി എന്ന ആശയത്തിന്മേൽ തുടർച്ചയായ കടന്നാക്രമണം നടത്തുന്നു – നാം യാദൃശ്ചികമായി ഉണ്ടായതാണെന്ന നുണയെ നാം എരിവോടെ എതിർക്കണം!

സകലവും സൃഷ്ടിച്ച ദൈവത്തെ പൗലൊസ് വെളിപ്പെടുത്താൻ തുടങ്ങി: "ലോകവും അതിലുളളതു ഒക്കെയും ഉണ്ടാക്കിയ ദൈവം, സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാകകൊണ്ട് കൈപ്പണിയായ ക്ഷേത്രങ്ങ ളിൽ, വാസം ചെയ്യുന്നില്ല;[10] [താൻ] എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിന്നു മുട്ടുളളവൻ എന്ന പോലെ മാനുഷകൈകളാൽ ശുശ്രൂഷ ആവശ്യപ്പെട്ടിരുന്നില്ല" (വാക്യങ്ങൾ 24, 25). ലോകം കണ്ടിട്ടുള്ള വലിയൊരു ക്ഷേത്രനിരയായി രുന്നു പൗലൊസിന്നു ചുറ്റും ഉണ്ടായിരുന്നത്. ദൂരെയായിരുന്നു, ലോകത്ത് പണിയപ്പെട്ട ഏറ്റവും വലിയ ക്ഷേത്രം. താഴെ, വിഗ്രഹങ്ങളും ക്ഷേത്ര ങ്ങളും നിറഞ്ഞ, അഗോറായായിരുന്നു. തുലനം ചെയ്യാനാകാത്ത പാർത്ത നോൻ അടക്കം, നാല്പതിലധികം ക്ഷേത്രങ്ങൾ ഉളള അക്രൊപ്പൊലിസ് ആയിരുന്നു മുകളിൽ. എങ്ങനെയായാലും, ദൈവത്തിനു, അവ എത്ര മനോഹരമാണെങ്കിലും ക്ഷേത്രമൊന്നും ആവശ്യമില്ല. ജീവനില്ലാത്ത, നിസഹായമായ വിഗ്രഹങ്ങൾ ഉളള ആ ക്ഷേത്രത്തിൽ അഥേനരുടെ സേവനം ദൈവം ആവശ്യപ്പെടുന്നില്ല, പിന്നെയോ, അവർക്കു ദൈവസ ഹായം ആവശ്യമാണ്!

(2) ദൈവം എല്ലാമനുഷ്യരേയും സൃഷ്ടിച്ചു.

ജാതിയമായവയിൽ നിന്നു പൗലൊസ് പ്രത്യേകമായവയിലേക്കു നീങ്ങി. ദൈവം സകലത്തേയും സൃഷ്ടിച്ചതുകൊണ്ട്, അവൻ നമ്മെയും സൃഷ്ടിച്ചു: "താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടു ക്കുന്നവൻ" (വാക്യം 25). ആദ്യം അവൻ ജീവൻ നല്കുന്നു; പിന്നെ ജീവൻ നിലനിർത്തേണ്ടതിന്നു ശ്വാസവും നല്കുന്നു; കൂടാതെ, ജീവിത

ത്തിന്റെ നിലനില്പിനു "സകലവും" നല്കുന്നു. അപ്പോൾ ദൈവം നിങ്ങൾക്കു എത്രത്തോളം ആവശ്യമാണ്? ഒരു ദീർഘശ്വാസം വിടുക ആശ്വാസം എടുക്കുവാൻ ദൈവം നിങ്ങളെ പ്രാപ്തരാക്കുന്നു - അതില്ലെങ്കിൽ, നിങ്ങൾ മരിച്ചു പോകും. നിങ്ങൾ എടുക്കുന്ന ഓരോ ശ്വാസവും സർവ്വശക്തനിൽ നിന്നാണ്!

വീണ്ടും, ദൈവം "ഭൂതലത്തിൽ ഒക്കെയും കുടിയിരിപ്പാൻ[11] ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി" (വാക്യം 26). നിരവധി തർജ്ജിമക്കാർ "ഏക" എന്ന വാക്കിനോടുകൂടി "മനുഷ്യൻ" എന്ന വാക്ക് ചേർത്തിട്ടുള്ളത് ആദാമിനെയാണ് സൂചിപ്പിക്കുന്നത്[12] നമ്മെയെല്ലാം ദൈവം സൃഷ്ടിച്ചിരിക്കുന്നതുകൊണ്ട് നമുക്ക് പൊതുവായ ഒരു പിതാവുണ്ട്, നാമെല്ലാം സഹോദരന്മാരുമാണ്! ഒരിക്കൽ കൂടെ, രംഗങ്ങൾ എന്റെ മനസിലേക്ക് ഓടി വരുന്നു: തുർക്കിയിലെ സ്ക്കൂൾ കുട്ടികൾ ഫോട്ടോക്കു ഒരുങ്ങി നില്കുന്നു, അഥേനയിലെ ചെറുപ്പ - ക്കാർ അവരുടെ ജീൻസിലാണ്, ഒരു വൃദ്ധന്റെ മുഖത്തു വർഷങ്ങളുടെ ചുളിവുകളുണ്ട്, ഒരു അമേരിക്കൻ സ്വദേശി ഒരു പാരമ്പര്യ നൃത്തം അവതരിപ്പിക്കുന്നു, കൊച്ചു ആനി ക്രിസ്റ്റിൻ വിൽക്കിൻ സൺ അവളുടെ അമ്മയുടെ കൈകളിൽ കയറിപ്പറ്റിയിരിക്കുന്നു,[13] ഇവരിൽ ചിലർ എന്നെപ്പോലെയാണ്, മറ്റു ചിലർ അല്ലതാനും; എന്നാൽ എല്ലാം ദൈവത്തിന്റെ കരവിരുതാണ്!

മുൻപു നടത്തിയ അഭിപ്രായപ്രകടനത്തിൽ ഗ്രീക്കുകാരുടെ ദൈവത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിനെയാണ് ആക്രമിച്ചതെങ്കിൽ ഇപ്പോൾ ഗ്രീക്കുകാരുടെ മനുഷ്യരെക്കുറിച്ചുള്ള കാഴ്ച്ചപ്പാടിനെയാണ് പൗലൊസ് ആക്രമിച്ചത്. ഗ്രീക്കുകാർ തങ്ങളെ മറ്റുള്ളവരിൽ നിന്നു വ്യത്യസ്ത ആരംഭമുള്ള, പ്രത്യേകതെയുള്ളവരായിട്ടാണ് കരുതിയിരുന്നത്. മനുഷ്യവർഗ്ഗത്തെ അവർ രണ്ടായി തരംതിരിച്ചിരിക്കുന്നു: "ഗ്രീക്കുകാരും ബാർബേറിയൻസും" "ദൈവം ഒരുക്കത്തിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും [ഗ്രീക്കുകാരടക്കം!] ഭൂതലത്തിൽ കുടിയിരിപ്പാൻ സൃഷ്ടിച്ചു" എന്നതു അവരുടെ ദേശീയ അഹംഭാവത്തിനു ഒരടിയായിത്തീർന്നു.

ഗ്രീക്കുകാർക്ക് ആശ്വസിക്കാവുന്നത്, അവരെ മാത്രമല്ല ദാക്ഷണ്യം വെടിഞ്ഞ് സംസാരിച്ചത്. "ഞങ്ങളും" "അവരും" എന്നിങ്ങനെ രണ്ടു കൂട്ടരായിട്ടാണ് മനുഷ്യവർഗ്ഗത്തിലധികവും കരുതിയിരുന്നത്. യെഹൂദന്മാരുടെ ഭിന്നത "യെഹൂദന്മാരും ജാതികളും" എന്നാണ്. റോമൻ തരംതിരിവ് "പൗരന്മാരും പൗരന്മാരല്ലാത്തവരും" എന്നാണ്. നിർഭാഗ്യവശാൽ, മനുഷ്യർക്കിടയിലെ മതിലുകൾ യേശു തകർത്തുകളഞ്ഞു എന്ന് തിരിച്ചറിയാത്തവർക്കിടയിൽ അത്തരം തരംതിരിവു തുടരുകയാണ് (എഫെസ്യർ 2:14) അങ്ങനെ നാം എല്ലാവരും "ക്രിസ്തുയേശുവിൽ ഒന്നത്രേ" (ഗലാത്യർ 3:26-28). വാസ്തവത്തിലുള്ള വേർതിരിവ് "ക്രിസ്തുവിൽ" ഉള്ളവരും "ക്രിസ്തുവിനു പുറത്തുള്ള വരും" എന്നാണ്.

(3) ദൈവം എല്ലാം നിയന്ത്രിക്കുന്നു.

"ദൈവം ഒരുത്തനിൽ നിന്നു, മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി," എന്നു പറഞ്ഞ ശേഷം പൗലൊസ് കൂട്ടിച്ചേർക്കുന്നു, "അവ

രുടെ നിവാസത്തിനു, അതിരുകളും കാലങ്ങളും നിശ്ചയിച്ചു" (വാക്യം 26).[14] ദാനിയേൽ 2:21 ആണ് ഈ വാക്യത്തിന്റെ നല്ല വ്യാഖ്യാനം: "അവൻ കാലങ്ങളെയും സമയങ്ങളെയും മാറ്റുന്നു; അവൻ രാജാക്കന്മാരെ നീക്കുകയും രാജാക്കന്മാരെ വാഴിക്കും ചെയ്യുന്നു." മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. അവൻ കാലങ്ങളെ നിശ്ചയിക്കുക മാത്രമല്ല (14:17), എന്നാൽ അവൻ രാജാക്കന്മാരുടെ വാഴ്ച്ചാ ദൈർഘ്യവും നിശ്ചയിക്കുന്നു, ഭൂശാസ്ത്ര അതിരുകളായ സമുദായത്തിന്റെ അതിരു നിശ്ചയിക്കുക മാത്രമല്ല, രാഷ്ട്രീയ അതിരുകളും അവൻ നിശ്ചയിക്കുന്നു. ദൈവം ലോകത്തെ സൃഷ്ടിച്ചിട്ട് കടന്നു പോവുകയായിരുന്നില്ല; മനുഷ്യരുടെ കാര്യങ്ങളിൽ അവൻ പ്രവർത്തിച്ചിരുന്നു, പ്രവർത്തിച്ചുകൊണ്ടിരുന്നു. അഥേനയിലുള്ളവർ അറിഞ്ഞില്ലെങ്കിലും ദൈവം *അവർക്കു* ചരിത്രത്തിൽ ആദരണീയമായ സ്ഥാനം നല്കി![15]

**മനുഷ്യൻ എന്തുചെയ്യണം**

ദൈവം ചെയ്തതു വെളിപ്പെടുത്തിയ ശേഷം, പൗലൊസ് മനുഷ്യർ എന്തു ചെയ്യണമെന്നതിലേക്കു തിരിഞ്ഞു.

(1) മനുഷ്യൻ ദൈവത്തെ അന്വേഷിക്കണം.[16]

27-ാം വാക്യം തുടങ്ങുന്നതു "അവർ ദൈവത്തെ അന്വേഷിക്കണം" എന്ന വാക്കുകളോടെയാണ്. അവതരിപ്പിച്ച സത്യത്തെ അനുകൂലിക്കുന്നതാണ് ഇംഗ്ലീഷിലെ "ദാറ്റ്" എന്ന വാക്ക്.[17] ദൈവം എല്ലാം ഉണ്ടാ ക്കി എന്നതും ദൈവം എല്ലാം നിയന്ത്രിക്കുന്നു എന്നതും നമുക്ക് അവനെ അന്വേഷിക്കേണ്ടതിനാണ്.[18] നമ്മെ ഇവിടെ ആക്കിയിരിക്കുന്നതു സ്ഥാനമോ സമ്പാദ്യമോ അല്ലെങ്കിൽ സുഖമോ അന്വേഷിക്കുന്നതിനല്ല; ദൈവത്തെ അന്വേഷിക്കേണ്ടതിനാണ്![19] ദൈവത്തിനു നമ്മുടെ സേവനം ആവശ്യമില്ല (വാക്യം 25), എന്നാൽ അവനു നമ്മുടെ കൂട്ടായ്മ ആവശ്യമാണ്!

പൗലൊസിന്റെ അടുത്ത വാക്കുകൾ അഥേനയിലെ തത്വജ്ഞാനികളെകുറിച്ച് ആവരണമുള്ള വിവരണം നല്കിയിരുന്നില്ലെങ്കിൽ എന്നു സംശയിക്കാതിരിക്കാൻ എനിക്കു കഴിയുന്നില്ല: "അവർ ദൈവത്തെ തപ്പി നോക്കി കണ്ടെത്തുമോ എന്നു വെച്ച്, അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല" (വാക്യം 27). തത്വജ്ഞാനികൾ സത്യത്തെ അന്വേഷിക്കുന്നുണ്ട്, എന്നാൽ – അവർ ഉപയോഗിക്കുന്നതു മാനുഷികരീതികളായിരുന്നു – അവർ ഇരുട്ടിൽ തപ്പുകയായിരുന്നു. ഇതിന്റെ ഒരു സമാനത മനസിലേക്കു വരുന്നു. ഒരു പാർട്ടിയിൽ കണ്ണുമൂടിക്കെട്ടിയ കുട്ടികൾ "കഴുതയുടെ വാലിൽ മൊട്ടുസൂചികുത്തുവാൻ."[20] അതിനു ചുറ്റും തപ്പി ഇടറുന്ന കാഴ്ച്ച, കണ്ണുമൂടികെട്ടിയില്ലെങ്കിൽ എളുപ്പമാണ്; എന്നാൽ കണ്ണുമൂടികെട്ടിയാൽ, അസാദ്ധ്യമാണ്. തത്വജ്ഞാനികൾക്കു അവരുടെ അഹങ്കാരം കളഞ്ഞ്, വെളിപ്പെടുത്തിയ ദൈവത്തെ സ്വീകരിക്കാൻ സ്വയം അടിച്ചേല്പിച്ച മൂടിക്കെട്ടൽ നീക്കി "അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല" എന്നു കാണണം.

എത്ര അടുത്താണ് ദൈവം? ''[ഞാൻ] നാം അവനിലല്ലൊ

ജീവിക്കയും, ചരിക്കയും, ഇരിക്കയും ചെയ്യുന്നത്'' (വാക്യം 28). സ്തോയിക്കരുടെ ഭൗതികമായ സർവ്വത്തിലും ഈശ്വര സാന്നിദ്ധ്യം എന്ന തിനോട് സമാനമായ പൗലൊസിന്റെ എല്ലാറ്റിലും ദൈവം ഉണ്ടെന്ന പ്രക ടനത്തെ ചിലർ കുറ്റപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയായാലും, സ്തോയി ക്കാരുടെ ആശയം വ്യക്തിത്വമില്ലാത്ത ശക്തിയാണ് ദൈവം എന്നതു, വളരെ അകലം കല്പിക്കുന്നു. കാരണം ബൈബിൾ പറയുന്ന ആശയം, വ്യക്തിയാണ്, സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനും സർവ്വവ്യാപിയുമാണ് "[അവൻ വഹിക്കുകയും നിലനിർത്തുകയും ചെയ്യുന്നു; NIV] തന്റെ വച നത്തിന്റെ ശക്തിയാലാണ്" (എബ്രായർ 1:3) – അതിൽ നാമും ഉൾപ്പെടും![21]

തന്റെ കേൾവിക്കാരിൽ അനേകരും അടുത്തുള്ള ദൈവത്തെ കാണു വാൻ പ്രയാസം നേരിട്ടതുകൊണ്ട്, തന്റെ പ്രസ്താവനയോട് അവരുടെ കവികളും യോജിക്കുന്നതായി പൗലൊസ് അവരെ ബോധ്യപ്പെടുത്തുന്നു: "നിങ്ങളുടെ കവിവരന്മാരിലും, ചിലർ 'നാം ദൈവത്തിന്റെ സന്താനമല്ലൊ എന്നു പറഞ്ഞിരിക്കുന്നു"' (വാക്യം 28). രണ്ടു കവികളിൽ നിന്നാണ് പൗലൊസ് ഉദ്ധരിച്ചത്. തന്റെ ആദ്യത്തെ ചിന്ത പ്രകടിപ്പിച്ചത് വർഷ ങ്ങൾക്കു മുൻപു എഫിഡമനൊസിനെ ചുമത്തിയുള്ള കവിതയിൽ നിന്നായിരുന്നു[22] (ബി.സി. c. 600-ൽ ജനിച്ചു.): "അവനിലല്ലൊ നാം ചരിക്കയും ഇരിക്കയും ചെയ്യുന്നത്.'' രണ്ടാമത്തെ ഉദ്ധരണി, ''നാമും അവന്റെ സന്താനമല്ലൊ,'' ആരാറ്റസിന്റെ എഴുത്തുകളിലെ ഒരു ലൈനാണ് ഇവിടെ സൂചിപ്പിച്ചത്[23] (ബി.സി. 310-ൽ ജനിച്ചു.): ''നാം വാസ്തവമായും അവന്റെ സന്താനമല്ലൊ."[24] ഈ പദ്യങ്ങളിൽ പറഞ്ഞി ട്ടുള്ള ദേവൻ (അവർക്ക് "അജ്ഞാതമായ") യെഹോവയെ കുറിച്ചല്ല പറയുന്നത്, എന്നാൽ അവരുടെ മുഖ്യദേവനായ സൂയസിനെയാണ്. സൂയസിനോടുകൂടെ യെഹോവയെ തിരിച്ചറിയണമെന്നല്ല പൗലൊസ് പറഞ്ഞത്. മറിച്ച്, അവന്റെ പോയിന്റ് എന്തെന്നാൽ മനുഷ്യരുടെ തത്വ ശാസ്ത്രം വ്യക്തിയായ ദൈവത്തിലേക്കു അവരെ അടുപ്പിക്കുന്നു, അതുകൊണ്ട്, സത്യദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള തന്റെ വാക്കുകൾ യുക്തിരഹിതമെന്ന് വിചാരിക്കരുത് എന്നായിരുന്നു.

(2) മനുഷ്യൻ ദൈവത്തെ ശരിയായി നമസ്ക്കരിക്കണം.

അവർക്ക് അറിഞ്ഞുകൂടാത്ത ആ ദൈവത്തിന്റെ സ്വഭാവത്തെ പറ ഞ്ഞശേഷം, പൗലൊസ് പെട്ടെന്ന് സത്യ ദൈവത്തെ നമസ്ക്കരിക്കുന്ന തിലേക്കു കടക്കുന്നു. ദൈവത്തെ ക്കുറിച്ചുള്ള നമ്മുടെ ആശയത്തെ അടി സ്ഥാനമാക്കിയാണ് നാം എങ്ങനെ ദൈവത്തെ നമസ്ക്കരിക്കണം എന്നു തീരുമാനിക്കുന്നത്.

പലതവണ പൗലൊസ് ആരാധന എന്ന വിഷയം എടുത്തിട്ടുണ്ട്. തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ അവർ തങ്ങളുടെ "അജ്ഞാത ദേവനെ" അറിയാതെ പൂജിക്കുന്നു എന്നാണവൻ പറഞ്ഞത് (വാക്യം 23). ദൈവം "കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല; മാനുഷ കൈകളാൽ ശുശ്രൂഷയും ആവശ്യപ്പെടുന്നില്ല" എന്ന് അവൻ ഊന്നിപ്പറഞ്ഞു (വാക്യങ്ങൾ 24, 25). നമ്മെ എല്ലാവരേയും ഏകദൈവ മാണ് സൃഷ്ടിച്ചത് (വാക്യങ്ങൾ 25, 26) എന്ന പ്രസ്താവന, എല്ലാവരും ആ ഏക ദൈവത്തെ ഒരേ രീതിയിൽ ആരാധിക്കണം എന്നു തെളിയു

ന്നു. ഇപ്പോൾ, അവന്റെ വാക്കുകളിൽ അന്തർലീനമായിരിക്കുന്നത് അഥേനക്കാർക്കു മനസിലാകാതെ തരമില്ല. അവരുടെ വിഗ്രഹ പരിശീലന ഹൃദയങ്ങളിലേക്ക് ഒരു കഠാര കുത്തിയിരിക്കുന്നതുപോലെ ആയിരുന്നു: "നാം ദൈവത്തിന്റെ സന്താനം എന്നു വരികയാൽ, ദൈവം[25] മനുഷ്യന്റെ ശിൽപവിദ്യയും സങ്കല്പവും കൊണ്ട് കൊത്തിത്തീർക്കുന്ന പൊൻ വെള്ളി കല്ല് എന്നിവയോട്, സദൃശം എന്നു നിരൂപിക്കേണ്ടതല്ല" (വാക്യം 29). തരം താഴ്ന്ന ഒരു (മനുഷ്യന്) എങ്ങനെ ഉയർന്ന (ദൈവം) സൃഷ്ടിക്കുവാൻ കഴിയും? കൂടാതെ, നാം ജീവിക്കുന്നവർ, ചരിക്കയും ഇരിക്കയും ചെയ്യുന്നവർ, ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്, അപ്പോൾ തണുത്തതും, നിർജീവവും, ശക്തിരഹിതവുമായ വസ്തുക്കൾ എങ്ങനെ ദൈവമാണെന്നു വിചാരിക്കാൻ കഴിയും?

അതൊരു ധീരമായ പ്രസ്താവനയായിരുന്നു, ഒരു പക്ഷേ, കൂസലില്ലാതെ ഒന്നായിരുന്നേക്കാം[26] ഓരോ അഥേനനും സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള വിഗ്രഹങ്ങൾ കൈവശം വെച്ചിരുന്നുവെങ്കിൽ പട്ടണം മുഴുവൻ മാർബിൾ കൊണ്ടുണ്ടാക്കിയ മനോഹര വിഗ്രഹങ്ങൾ – അഥേനാ പ്രതിമയടക്കം, മാർബിളിൽ കൊത്തി വിലകൂടിയ ആനക്കൊമ്പും സ്വർണ്ണവും മുകളിൽ പതിപ്പിച്ച് നിറഞ്ഞിരിക്കും.

(3) മനുഷ്യൻ മാനസാന്തപ്പെടണം.

ഭയമില്ലാതെ, തന്റെ തീർപ്പിലേക്ക് പൗലൊസ് വേഗം നീങ്ങി. അവന്റെ വാക്കുകൾ ശരിയായിരുന്നെങ്കിൽ, അഥേനരുടെ അന്ധ വിശ്വാസാരാധന തെറ്റായിരുന്നു; അവർ ഒരേ – ഒരുവനെ – മാത്രം, ജീവനുള്ള – സത്യ ദൈവത്തെ പ്രസാധിപ്പിക്കണമെങ്കിൽ, മാറാതെ മറ്റൊരു വഴിയുമില്ലായിരുന്നു: "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ[27] ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നും മനുഷ്യരോടു കല്പിക്കുന്നു." "അജ്ഞത" (വാക്യം 30) എന്ന വാക്ക് പൗലൊസ് മൂന്നാം പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നു: (1) ദൈവത്തെ "അജ്ഞാതൻ" എന്നു പറഞ്ഞു, അവനെ അറിയുകയില്ല എന്നു അഥേനക്കാർ സമ്മതിച്ചിരിക്കുന്നു (വാക്യം 23). (2) അവർ "അറിയാതെ" പൂജിക്കുന്നു (വാക്യം 23). (3) ഇപ്പോൾ, മുൻകഴിഞ്ഞ കാലത്തിൽ "അജ്ഞതയെ" ദൈവം കണക്കിലെടുക്കില്ല എന്ന് അവൻ പറഞ്ഞു, എന്നാൽ ഇനി അതുണ്ടാകയില്ല. ദൈവം അവർക്കു തന്നെ വെളിപ്പെടുത്തി കൊടുത്തു; ഇനി അവർക്കു അറിയായ്മയുടെ ഒഴികഴിവില്ല.[28]

"എപ്പോൾ വരെയാണ് ദൈവം അറിയായ്മ കണക്കിലെടുത്തത്?" എന്ന ചോദ്യം ചില വ്യാഖ്യാതാക്കളെ കുഴക്കിയിരുന്നു. ദൈവമനസ് എനിക്ക് അറിഞ്ഞുകൂടായ്കയാൽ (യെശയ്യാവ് 55:8, 9), ചോദ്യത്തിനു ഉത്തരം നല്കുവാൻ എനിക്കു കഴിയുകയില്ല. കൂടാതെ, ദൈവം ഇപ്പോൾ അറിയായ്മയെ കണക്കിലെടുക്കുന്നില്ല എന്നു പറഞ്ഞിരിക്കയാൽ, ആ ചോദ്യത്തിനു ഞാൻ ഉത്തരം നല്കേണ്ട കാര്യവുമില്ല; ദൈവം ഇന്നു എങ്ങനെ മനുഷ്യരോട് ഇടപെടുന്നു എന്നതുമായി അതിനു ഒരു ബന്ധവുമില്ല. അതുകൊണ്ട്, ഒരു നിസാര സമാന്തരം എടുത്താൽ, എനിക്കു മതിയാകും: എന്റെ പെൺമക്കൾ ചെറുതായിരുന്നപ്പോൾ, കണക്കിലെടു

ക്കാതിരുന്നതെറ്റുകൾ അവർ വലുതായപ്പോൾ ഞാൻ കണക്കിലെടുക്കാൻ തുടങ്ങി. മുൻകഴിഞ്ഞ കാലത്ത് മനുഷ്യർ ശൈശവപ്രായത്തിലായിരുന്നു. അപ്പോൾ ദൈവം കണക്കിലെടുക്കാതിരുന്ന ചില പെരുമാറ്റങ്ങൾ ഇപ്പോൾ കണക്കിലെടുക്കുന്നതാണ് (മത്തായി 19:8, 9). ദൈവം ഇപ്പോൾ എല്ലാ മ നുഷ്യരോടും പറയുന്നു, "ശരിയേത് തെറ്റേത് എന്ന തിരിച്ചറിയത്തക്ക കാലയളവ് ആയി. നിങ്ങൾ ഈ ഭൂമിയാലായിട്ട്; അതുകൊണ്ട്, നിങ്ങളുടെ പ്രവൃത്തികൾക്ക് നിങ്ങൾ തന്നെ ഉത്തരവാദികൾ ആയിരിക്കും"!

സ്വയം – നീതികരിക്കുന്ന ന്യായാധിപസഭയോട് മാനസാന്തരപ്പെടുവാൻ പത്രൊസ് പറഞ്ഞപ്പോൾ (5:31) "[അവരെ] കോപിഷ്ഠരാക്കുകയും," അവർ അവനെ കൊല്ലുവാൻ ആലോചിക്കയും ചെയ്തു (5:33). ഇപ്പോൾ പൗലൊസ് തത്വജ്ഞാനത്തിൽ സ്വയം – തൃപ്തിയടഞ്ഞ ഉയർന്ന ചിന്താഗതിക്കാരോട് പൗലൊസ് അവുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുവാൻ പറഞ്ഞു! "മാനസാന്തരപ്പെടുക" എന്നു പറഞ്ഞാൽ "പാപത്തെക്കുറിച്ചുള്ള മനോഭാവത്തിൽ മനസ്സ് മാറ്റുക എന്നാണ്, പാപത്തെ സംബന്ധിച്ചു വാസ്തവത്തിൽ ദു:ഖിക്കയും അയാളുടെ ജീവിതം മാറ്റുവാൻ നിശ്ചയിക്കയും ചെയ്യുക."[29] പ്രത്യേകമായി, പൗലൊസിന്റെ കേൾവിക്കാർ "വിഗ്രഹങ്ങളെ വിട്ട് ജീവനുള്ള ദൈവത്തെ സേവിക്കുവാൻ തിരിയണം" (1 തെസ്സലൊനിക്യർ 1:9).

പൗലൊസിന്റെ കാലത്ത് ആവശ്യങ്ങളിൽ ഒന്ന് മാനസാന്തരപ്പെടുക എന്നതായിരുന്നു, നമ്മുടെ കാലത്തും ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്ന് മാനസാന്തരപ്പെടുക എന്നതാണ്. കാൾ മെനിഞ്ചർ, എം.ഡി., അദ്ദേഹത്തിന്റെ പുസ്തകമായ *വാട്ടെവെർ ബി കെയിം ഓഫ് സിൻ?* എന്നതിൽ എഴുതി:

> ... വളരെ കുറച്ചു പുരോഹിതന്മാർ ഇക്കാലത്ത് [കഴിഞ്ഞകാലത്ത് ഉപദേഷ്ടാക്കന്മാർ] പ്രവാചകന്മാരും യോഹന്നാൻ സ്നാപകനും ചെയ്തതുപോലെ സാഹസികമായി പറയുവാൻ ധൈര്യപ്പെടുന്നുള്ളു ... (ചിലർ തീവ്രവാദികൾ ചെയ്തതുപോലെ) പരസ്യമായി തർജ്ജനം ചെയ്താൽ അവർ പഴയതിലേക്കു തിരിച്ചുപോയോ എന്നു ഭയപ്പെടുന്നു. അതുകൊണ്ട്, ഗന്ധകം കത്തുന്ന തീപ്പൊയ്കയെപ്പറ്റി പറയുകയില്ല. അവർ വിശ്വസിക്കുന്നതുപോലും ഭയത്താൽ വെള്ളോടിലുള്ള ആളുകൾ ശ്രദ്ധയോടെ കേൾക്കുവാൻ പറയുകയില്ല.[30]

മനുഷ്യരെ – പ്രസാദിപ്പിക്കുന്നവരായ (ഗലാത്യർ 1:10) "പുരോഹിതന്മാരായ ആളുകൾ" ആളുകളോടു മാനസാന്തരപ്പെടുവാൻ മടിക്കുന്നു, എന്നാൽ സുവിശേഷപ്രസംഗകർ അങ്ങനെ ചെയ്യുവാൻ ധൈര്യപ്പെടുകയില്ല. യേശു പ്രസംഗിക്കുവാൻ വന്നപ്പോൾ, അവന്റെ വായിൽ നിന്നു ആദ്യം വന്ന വാക്ക് "മാനസാന്തരപ്പെടുക" എന്നായിരുന്നു (മത്തായി 4:17).

അഥേനക്കാരോട് പൗലൊസ് ഭൂതകാലത്തെക്കുറിച്ചു പറഞ്ഞു: ദൈവം "*ഇപ്പോൾ* എല്ലായിടത്തും ... എല്ലാവരോടും മനുഷ്യരോടും മാനസാന്തരപ്പെടുവാൻ കല്പിക്കുന്നു" അവരെ ഉത്തേജിപ്പിച്ചുകൊണ്ട് അവൻ

ഭാവിയെക്കുറിച്ചും അവരോടു പറഞ്ഞു: "താൻ ലോകത്തെ നീതിയോടെ വിധിപ്പാൻ ഒരു ദിവസം നിശ്ചയിച്ചു[31]" (വാക്യം 31). എപ്പിക്കൂര്യർ വിചാരിച്ചത് ജീവിതം പുരോഗമിച്ചു അണഞ്ഞുപോകുമെന്നാ ണ്, സ്തോയിക്കർ വിചാരിച്ചത് ജീവിതം ദൈവിക ജീവ - ശക്തിയോട് ലയിച്ചു ചേരുന്ന ഒരു നടപ്പാതയാണെന്നാണ്, എന്നാൽ പൗലൊസ് പറ ഞ്ഞു, ജീവിതം "ദൈവത്തിന്റെ ന്യായാസനത്തിലേക്കുള്ള യാത്ര തന്നെയാണെന്ന്"![32] അവരുടെ അജ്ഞാത ദൈവം അവരുടെ സൃഷ്ടികർത്താവാണെന്നു പൗലൊസ് തറപ്പിച്ചു പറഞ്ഞു; അവൻ പറഞ്ഞവസാനിപ്പിച്ചത് ആ അജ്ഞാത ദൈവം അവരുടെ ന്യായാധിപൻ ആണെന്നാണ്!

പൗലൊസിന്റെ മുഖവുരപ്രസംഗമായ "ദൈവത്തെയും മനുഷ്യരെയും സംബന്ധിച്ച സത്യം" അടിസ്ഥാനപരമായി അവസാനിപ്പിച്ചു. ഒരു വാക്യം പോലും ഉദ്ധരിക്കാതെ, പൗലൊസ് വാക്യപ്രതിവാക്യമായി തന്റെ വാദം നിരത്തി. എങ്ങനെയായാലും, തന്റെ ഏറ്റവും പ്രധാനപ്പെട്ട പാഠം, "യേശുവിനെകുറിച്ചുള്ള സത്യം" "താൻ നിയമിച്ച *പുരുഷൻ* മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നുയർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു" (വാക്യം 31; എംഫസിസ് മൈൻ). ആ "മനുഷ്യൻ" യേശുവായിരുന്നു. യേശുവിന്റെ ഉയിർപ്പ് അനേകം ഉദ്ദേശങ്ങളെ നിറവേറ്റുന്നു;[33] ഒരു ന്യായ വിധി ദിവസം ഉണ്ടെന്ന ഉദ്ദേശം വളരെകുറച്ചുമാത്രം അറിയപ്പെടുന്നു! (നാമധേയവിഭാഗക്കാർ ഉയിർത്തെഴുന്നേല്പ് ആഘോഷിക്കുമ്പോൾ, എത്രപേർ ന്യായവിധിയെ കുറിച്ചു പ്രസംഗിക്കുമെന്നു ഞാൻ സംശയിക്കുന്നു!) ഈ ആഗസ്റ്റ് സമ്മേളനത്തിനു മുൻപു അവനെ വിളിച്ചിട്ടുണ്ട്. കാരണം അവൻ യേശുവിനെയും പുനരുത്ഥാനത്തെ പ്രസംഗിച്ചിരുന്നു (വാക്യം 18). അവൻ അവസാനിപ്പിച്ചപ്പോൾ, ഒരു മുഴുചക്രം ആയി, ആ രണ്ടു വിഷയങ്ങളെ അവസാനിപ്പിച്ചു![34]

പൗലൊസ് യേശുവിനെ രക്ഷകൻ എന്നു പറയാതെ ന്യായാധിപൻ എന്നു പറയാൻ കാരണമെന്താണ്? എന്തുകൊണ്ടാണ് വിശ്വസിക്കുവാൻ പറയാതെ മാനസാന്തരപ്പെടുവാൻ പറയാൻ കരണം? പൗലൊസിന്റെ കാരണങ്ങൾ എന്തായാലും മൂന്നു വസ്തുതകൾ നമുക്ക് ഉറപ്പിക്കാം: (1) ഈ പ്രത്യേക വ്യക്തികൾക്കു പ്രത്യേക സമയത്ത് നല്കുവാൻ അവന് പരിശുദ്ധാത്മാവാണ് സന്ദേശം നല്കിയത് (മത്തായി 10:19).[35] (2) പൗലൊസിന്റെ പ്രസംഗം അധികവും കേൾക്കുവാൻ വന്നവർ (വാക്യം 32) അവന്റെ രണ്ടാമത്തെ അവതരണത്തിൽ യേശുവിനെയും അവന്റെ ക്രൂശിനേയും കൂറിച്ചു കേട്ടു (1 കൊരിന്ത്യർ 2:2). (3) 30-ാം വാക്യത്തിലെ "മാനസാന്തരം" മനുഷ്യന്റെ പ്രതികരണം മൊത്തത്തിൽ ഉൾപ്പെടുന്നതാണ്, പ്രവൃത്തികളിലെ അതേ സന്ദർഭത്തിൽ പറയുന്ന "വിശ്വസിക്കുക" എന്ന വാക്കിലും മനുഷ്യന്റെ പ്രതികരണം മുഴുവനായും ഉൾപ്പെട്ടിരിക്കുന്നു. യോജിപ്പിക്കുവാൻ, ചില സ്ഥലത്തു രക്ഷക്കുള്ള നിബന്ധനയായി സ്നാനം പറയാറുണ്ട്; അതിന്റെ ആവശ്യമില്ലെന്നു വാദിക്കുവാൻ പൗലൊസിന്റെ അരയോപകക്കുന്നിലെ പ്രസംഗത്തിലെ രക്ഷാനിബന്ധനയിൽ വിശ്വാസം പറഞ്ഞിട്ടില്ല എന്ന കാരണത്താൽ യേശു ക്രിസ്തു

രക്ഷകനാണെന്നു വിശ്വസിക്കേണ്ട എന്നു പറയുമോ? വചനത്തെ ഗൗരവമായി എടുക്കുന്നവർ പൗലൊസിന്റെ പ്രസംഗം "മറ്റൊരു സുവിശേഷം" എന്നു പറയുകയില്ല (ഗലാത്യർ 1:6). അതു അഥേനരോടു മാത്രമല്ല എല്ലാവരോടും അവൻ പ്രസംഗിച്ചതു ഏക സുവിശേഷമായിരുന്നു. രക്ഷിക്കപ്പെടുവാൻ അവർ, മറ്റുള്ളവർ ചെയ്തതുപോലെ പ്രതികരിക്കേണ്ടിയിരുന്നു: യേശുവിൽ വിശ്വസിച്ച്, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, വിശ്വാസം ഏറ്റു പറഞ്ഞ് സ്നാനത്തിൽ അടക്കപ്പെടുകയും വേണമായിരുന്നു (റോമർ 6:3, 4)

**പ്രതികരണം (17:32-34)**

കഴിഞ്ഞ ഒരു പാഠത്തിൽ, പൗലൊസ് അഥേനയിൽ വന്നതു ഗുണമുള്ള ഹൃദയങ്ങൾ നോക്കിയാണ് എന്നു നാം കണ്ടു.[36] യേശു പറഞ്ഞു ഗുണമുള്ള ഹൃദയങ്ങൾ നല്ല മണ്ണുപോലെയാണ്: ആഴമുള്ള, ശുദ്ധമായതും, ഫലപുയിഷ്ടവും ആയിരിക്കും (ലൂക്കൊസ് 8:4–15). അഥേനയിലെ, മിക്ക ഭാഗങ്ങളിലേയു മണ്ണ്, ആഴമില്ലാത്തതും നിബിഡവുമാണ്. അന്ധവിശ്വാസത്തിന്റേയും മാനുഷികകാരണങ്ങളും നിർജ്ജീവാവസ്ഥയും നിറഞ്ഞതായിരുന്നു. ലൂക്കൊസ് പറഞ്ഞു, "മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ച് കേട്ടിട്ടു ചിലർ പരിഹസിച്ചു, മറ്റു ചിലർ, 'ഞങ്ങൾ ഇതിനെപ്പറ്റി പിന്നെയും നിന്റെ പ്രസംഗം കേൾക്കാം എന്നു പറഞ്ഞു'"; "ചില പുരുഷന്മാർ അവനോടു ചേർന്നു വിശ്വസിച്ചു" (വാക്യങ്ങൾ 32, 34). ലൂക്കൊസ് സൂചിപ്പിച്ച മൂന്നു പ്രതികരണസ്വഭാവം സുവിശേഷത്തോടുള്ള പ്രതികരണമായി ലോകത്തിൽ ചുറ്റും ഉണ്ടാകാം.

**ചിലർ പരിഹസിച്ചു**

ആദ്യം, "മരിച്ചവരുടെ പുനരുത്ഥാനത്തെ കേട്ട," ചിലർ "പരിഹസിച്ചു തുടങ്ങി"[37] (വാക്യം 32). എന്തെങ്കിലും പുതുതായി കേൾക്കുമ്പോൾ ആഴമില്ലാത്ത - മനസ്സുള്ള വ്യക്തികൾ പരിശോധിക്കുന്നതിനു പകരം കളിയാക്കുന്നതാണ് അവർക്ക് എളുപ്പം; "നിങ്ങൾ അതിനെ ചിരിച്ച് കളഞ്ഞാൽ, അതു കണ്ടില്ലെന്നു നടിക്കാം."

ആ മീറ്റിങ്ങിനെ ഉലച്ച വിഷയം "മരിച്ചവരുടെ പുനരുത്ഥാനം" ആയിരുന്നു എന്നു ശ്രദ്ധിക്കുക. അവരുടെ കലാരൂപങ്ങളെ പൗലൊസ് തരം താഴ്ത്തി സംസാരിക്കുന്നതും അവർ മാനസാന്തരപെടേണ്ടതാണെന്നും അന്തർലീനമാക്കിയ പ്രസംഗം അവർ സഹിഷ്ണുതയോടെ കേട്ടുകൊണ്ടിരുന്നു. എങ്ങനെയായാലും, "ടൗണിനു - പുറത്തു നിന്നും - ഉള്ള ഒരു വിത്തു - പെറുക്കുന്നവൻ" ശാരീരിക ഉയിർത്തെഴുന്നേല്പിനെപ്പറ്റി പറഞ്ഞപ്പോൾ, അവർക്കു പിന്നെ പിടിച്ചു നില്ക്കാനായില്ല. വ്യത്യസ്ത തത്വജ്ഞാന സ്കൂളുകൾ കുറെയൊക്കെ സമ്മതിക്കുന്നുണ്ടെങ്കിലും, ശാരീരിക ഉയിർപ്പ് ഒരു വിഡ്ഢിത്തമാണെന്ന് അവർ എല്ലാവരും യോജിക്കുന്നു. ആത്മാവിന്റെ ആ നശ്വരതയെ വിശ്വസിക്കുന്നവർ പോലും കരുതുന്നതു ഭൗതിക ശരീരം തിന്മയാണെന്നാണ്. "ഗ്രീക്കുകാരനു, ശരീരം ഒരു തടവാണ്; എത്ര പെട്ടെന്ന് ഒരാൾ ശരീരം വിടുന്നുവോ അത്രയും വേഗം അയാൾ സന്തോഷവനാകും. പിന്നെ ആ ശരീരത്തെ ഉയിർപ്പിച്ച്

വീണ്ടും എന്തിനു ജീവിക്കണം?"[38] വിദ്യാഭ്യാസമുള്ള ഒരു ഗ്രീക്കുകാരന്റെ മനോഭാവം ഒരു ഗ്രീക്ക് എഴുത്തുകാരന്റെ വാക്കുകളാൽ ചുരുക്കുവാനാണ്: "ഒരിക്കൽ ഒരു മനുഷ്യൻ മരിക്കയും നിലം അവന്റെ രക്തം കുടിക്കയും ചെയ്താൽ പിന്നെ ഒരു ഉയിർത്തെഴുന്നേല്പുമില്ല"[39] പൗലൊസ് ഉപയോഗിച്ച *അനസ്താസിസ്* എന്ന വാക്ക് തന്നെയാണ് "ഉയിർത്തെഴുന്നേല്പിന്" അവരും ഉപയോഗിച്ചത്.[40]

അരെയോപകയിലുണ്ടായിരുന്ന പരിഹാസകർക്ക് ഗ്രാഹ്യ നിക്ഷേപമുണ്ടായിരുന്നു, പക്ഷേ അവ അവരുടെ വിരലുകൾക്കിടയിലൂടെ പോകാൻ അനുവദിച്ചു.

**ചിലർ കാത്തിരുന്നു**

മറ്റുള്ളവർ പൗലൊസിനോടു, "ഞങ്ങൾ ഇതിനെപ്പറ്റി പിന്നെയും നിന്റെ പ്രസംഗം കേൾക്കാം എന്നു പറഞ്ഞു" (വാക്യം 32). ഫെലിക്സിനെപോലെ, അവർ പറഞ്ഞു, "തല്ക്കാലം പോകാം, [ഞങ്ങൾ] അവസരം ഉള്ളപ്പോൾ നിന്നെ [ഞങ്ങൾ] വിളിപ്പിക്കാം" (24:25). അവർ വാസ്തവത്തിൽ താല്പര്യമുള്ളവരായിരുന്നോ, അല്ലെങ്കിൽ അവർ വെറുതെ മാന്യമായി അവനെ ഒഴിവാക്കുകയായിരുന്നോ? എനിക്ക് അറിഞ്ഞുകൂടാ. പക്ഷേ ഒന്നെനിക്കറിയാം നീട്ടിവെപ്പ് ദൈവവുമായ ബന്ധത്തിൽ അപകടം പിടിച്ച പണിയാണ്.[41]

**ചിലർ വിശ്വസിച്ചു**

ആ സമയത്ത്, പൗലൊസ് "അവരുടെ നടുവിൽ പോയി" (വാക്യം 33),[42] അവർ കേട്ട കാര്യങ്ങളെ ചിന്തിക്കുവാൻ ഒരു പക്ഷേ നിരാശയിൽ വിട്ടിട്ടായിരിക്കാം പൗലൊസ് പടികൾ ഇറങ്ങിയത്.[43] അങ്ങനെയെങ്കിൽ അടുത്ത വാക്യത്തിന് നമുക്ക് ദൈവത്തോട് നന്ദി പറയാം. "ചില പുരുഷന്മാർ അവനോടു ചേർന്നു വിശ്വസിച്ചു, അവരിൽ അരയോപകസ്ഥാനിയായ ദിയൊനുസ്യോസും ദമരിസ് എന്നു പേരുള്ളോരു സ്ത്രീയും മറ്റു ചിലരും ഉണ്ടായിരുന്നു" (വാക്യം 34). അതൊരു സമൃദ്ധമായ കൊയ്ത്ത് ആയിരുന്നില്ല, എന്നാൽ കൊയ്ത്തായിരുന്നു താനും - സർവ്വ ലോകത്തേക്കാളും വലുതാണ് ഒരാത്മാവ്.

പരിവർത്തകരിൽ "അരയോപകസ്ഥാനി"[44] ദിയൊനുന്യോസ് ഉണ്ടായിരുന്നു. ഒരു അരയോപകസ്ഥാനി അരയോപകകോടതിയിലെ പ്രശസ്തനായ ഒരംഗമായിരുന്നു. പട്ടണത്തിലെ പ്രമാണിമാരിൽ ഒരാളായിരുന്നു ദിയൊനുസ്യോസ്. പിന്നെ ദ മരിസ് എന്ന സ്ത്രീയുമുണ്ടായിരുന്നു,[45] സ്വാധീനമുള്ള സ്ത്രീ ആയിരുന്നതുകൊണ്ടാകാം ലൂക്കൊസ് അവളുടെ പേർ പറഞ്ഞത് - അല്ലെങ്കിൽ അങ്ങനെ ആയിരിക്കയില്ല.[46] അതിനു ശേഷം "മറ്റുള്ളവരും" ലൂക്കൊസ് പൗലൊസിന്റെ പ്രസംഗത്തിലെ ചുരുക്കമാണ് നല്കിയതെങ്കിലും, പൗലൊസിന്റെ അഥേനയിലെ ശുശ്രൂഷയുടെ ചുരുക്കവും[47] ശുശ്രൂഷയുടെ പ്രതികരണവും നല്കുന്നുണ്ട്.

അഥേനയിൽ സ്നാനം ഒന്നും നടന്നിട്ടില്ല എന്ന് അനേകം വ്യാഖ്യാതാക്കൾ കരുതുന്നു. അവർ ഇതിനു എടുക്കുന്ന കാരണം പൗലൊസ് കൊരിന്ത്യർക്കു എഴുതുമ്പോൾ, കൊരിന്തിൽ താമസിച്ച സ്തെഫാനൊ

സിന്റെ കുടുംബവും എന്ന പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തിയാണ് (1 കൊരിന്ത്യർ 1:14–16; 16:17), അവർ "അഖായയിലെ ആദ്യഫലമായിരുന്നു" (1 കൊരിന്ത്യർ 16:15) (അഥേനയിലുള്ളതും കൊരിന്തിലുള്ളവരും അഖായനാട്ടുകാരായിരുന്നു). എങ്ങനെയായാലും, പൗലൊസ് അവിടെ താമസിച്ചിരുന്നപ്പോൾ സ്തെഫാനൊസും കുടുംബവും അഥേന സന്ദർശിക്കയും അവർ അങ്ങനെ പൗലൊസിനാൽ സ്നാനമേല്ക്കയും ചെയ്യാൻ സാധ്യതയുണ്ട്.[48] ചിലർ "വിശ്വസിച്ചു" "ചേർന്നു" എന്ന ലൂക്കൊസിന്റെ പ്രസ്താവന മറ്റു പട്ടണങ്ങളിലെ പരിവർത്തന വിവരം ചുരുക്കി പറയുമ്പോഴും കാണാം (13:48; 14:1; 17:4; 17:12); അതുകൊണ്ട് 17:34 ന്റെ അർത്ഥം വ്യത്യസ്തമായി കാണേണ്ടതില്ല. "ജ്ഞാനികളിൽ അനേകരും" ക്രിസ്ത്യാനികളായി തീർന്നില്ല എന്നു പൗലൊസ് എഴുതിയതു വാസ്തവമാണ് (1 കൊരിന്ത്യർ 1:26), "അനേകരും ഇല്ല" എന്നതിനു "ആരും ഇല്ല" എന്നർത്ഥം വരുന്നില്ല.

ആ പട്ടണത്തിലെ സഭയെപ്പറ്റി പുതിയ നിയമത്തിൽ പറഞ്ഞിട്ടില്ല എന്നകാരണത്താൽ – പൗലൊസ് അഥേനയിൽ ഇടവക സ്ഥാപിച്ചിട്ടില്ല എന്നു ഏതാനും ഒഴിവുകഴിവുകളോടെ, വ്യാഖ്യാതാക്കൾ ഉറച്ചു വിശ്വസിക്കുന്നു. എങ്ങനെയായാലും, പുതിയ നിയമത്തിൽ പേർ പറയാത്ത അനേകം ഇടവകകൾ പൗലൊസ് സ്ഥാപിച്ചിട്ടുണ്ട്. ഒരു ഇടവകയുടെ ഘടന എന്ന നാമധേയ ആശയമാണ് വ്യാഖ്യാതാക്കൾക്ക് അധികവുമുള്ളത്. ഒരാൾ സുവിശേഷം അനുസരിക്കുമ്പോൾ, ആ വ്യക്തിയെ സഭയോടു ചേർക്കുന്നു എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (പ്രവൃത്തികൾ 2:47[49]). അഥേനയിൽ ചുരുങ്ങിയത് ആറു പേരുടെ പരിവർത്തനത്തെയെങ്കിലും ലൂക്കൊസ് പറയുന്നുണ്ട്,[50] "സംഘടിക്കപ്പെട്ടതോ" "സംഘടിക്കപ്പെടാത്തതോ" ആയിട്ട് ആ അംഗങ്ങളാണ് ആ പട്ടണത്തിലെ സഭ. (രണ്ടാം നൂറ്റാണ്ടിൽ പ്രബലമായ ഒരു ഇടവക അഥേനയിൽ ഉണ്ടായിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തുന്നു. ആ കൊയ്ത്തു ആരംഭത്തിൽ വിത്തു വിതച്ചതു പൗലൊസ് ആണെന്നകാര്യം ആരെങ്കിലും നിഷേധിക്കുമോ?)

ആ വിരലിലെണ്ണാവുന്ന ഗുണമുള്ള ഹൃദയങ്ങൾക്ക് എന്തു സംഭവിച്ചു എന്നറിഞ്ഞാൽ കൊള്ളാമായിരുന്നു, എന്നാൽ ലൂക്കൊസ് അതു പറയുന്നില്ല. പടിഞ്ഞാറ് നല്ല മണ്ണ് കാണുമോ എന്നറിയാൻ പൗലൊസ് ആ വഴിക്ക് നീങ്ങി. കൊരിന്തിൽ നിന്നു നമുക്ക് നമ്മുടെ കഥ പെറുക്കിയെടുക്കാം.

**ഉപസംഹാരം**

സന്തോഷിപ്പിൻ; അജ്ഞാത ദൈവത്തെ ഇപ്പോൾ വെളിപ്പെട്ട് കിട്ടി! "അവനിലല്ലൊ, നാം ജീവിക്കയും, ചരിക്കയും, ഇരിക്കയും ചെയ്യുന്നത്" (വാക്യം 28; KJV). നാം ഇപ്പോൾ നമ്മുടെ സ്വാർത്ഥ ജീവിതം വിട്ട് അവനിലേക്കു തിരിയണം. "ദൈവം എല്ലായിടത്തും എല്ലാവരോടും മാനസാന്തരപ്പെടുവാൻ കല്പിക്കുന്നു" (വാക്യം 30). നിങ്ങൾ മാനസാന്തരപ്പെടേണ്ട ആവശ്യമില്ലെന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ ഈ പാഠം നിങ്ങൾക്കുള്ളതാണ്!

നിങ്ങൾ എങ്ങനെ പ്രതികരിക്കും?ചിലർ ചെയ്തതുപോലെ നിങ്ങൾ പരിഹസിക്കുമോ? ചിലർ ചെയ്തതുപോലെ നിങ്ങൾ നീട്ടി വെക്കുമോ? അതോ കുറെപേർ ചെയ്തതുപോലെ വിശ്വസിച്ച് അനുസരിക്കുമോ? ഓർക്കുക: ഇപ്പോൾ യേശുവിനെ നിങ്ങളുടെ രക്ഷിതാവാക്കാം, പിന്നെ ഒരിക്കൽ അവൻ നിങ്ങളുടെ ന്യായാധിപനാകും. "ദൈവം ലോകത്തെ നീതിയോടെ വിധിപ്പാൻ ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു" (വാക്യം 31). അതു ഉയിർത്തെഴുന്നേല്പ് ഉറപ്പാക്കുന്നു!

## പ്രസംഗകുറിപ്പുകൾ

"മനുഷ്യന്റെ സങ്കീർണ്ണമായ ചോദ്യങ്ങൾക്ക് സ്വർഗ്ഗത്തിന്റെ തുറന്ന ഉത്തരങ്ങൾ" എന്നാക്കാം, വേണമെങ്കിൽ പൗലൊസിന്റെ പ്രസംഗം, ആദ്യ ഖണ്ഡികയിലെ ചോദ്യങ്ങൾ പ്രകാരം ഇങ്ങനെ വിഭജിക്കാം: (1) "ഞാൻ എവിടെ നിന്നു വന്നു?" (ദൈവം എന്നെ സൃഷ്ടിച്ചു) (വാക്യങ്ങൾ 24-26). (2) "ഞാൻ എന്തിനാണിവിടെ?" (ദൈവത്തെ അന്വേഷിക്കുവാൻ) (വാക്യങ്ങൾ 27-29). (3) "ഞാൻ എവിടെ പോകുന്നു?" (ന്യായവിസ്താരത്തിലേക്ക്). ആ ചിന്ത മറ്റൊരു വിധത്തിലും രൂപപ്പെടുത്താം (1) മനുഷ്യന്റെ ഉത്ഭവം, (2) മനുഷ്യന്റെ ഉദ്ദേശം, (3) മനുഷ്യന്റെ ലക്ഷ്യസ്ഥാനം.

---

കുറിപ്പുകൾ

[1]വാരെൻ ഡബ്ലിയു.വിഴ്സ്ബേ, *ദ ബൈബിൾ എക്സ്പൊസിഷൻ കമെന്ററി*, വാല്യം 1 (വീറ്റെൺ III.: വിക്ടർ ബുക്സ്, 1989), 473. [2]"... എങ്കിൽ നിങ്ങൾ കർത്താവിന്റെ വേലയിൽ വിജയിക്കും" എന്ന പാഠത്തിലെ 17:18 ലെ നോട്ടുകൾ നോക്കുക (17:16–34). [3]പൗലൊസ് വിചാരണയിൽ ആയിരുന്നെങ്കിൽ, കോടിതി വിധിയെ സ്വാധീനിക്കുവാൻ ഈ പ്രത്യേക കോടതിയെ അനുമോദിക്കുന്നതു നിയമ വിരുദ്ധമായിരുന്നു. [4]KJVയിൽ "അന്ധവിശ്വാസമുള്ള," എന്നതു പൗലൊസ് ഒരു പക്ഷേ അവരുടെ വിഗ്രഹാരാധനയെ ആയിരിക്കാം ഉദ്ദേശിച്ചത് തന്റെ കേൾവിക്കാരുമായി പൗലൊസ് വാക്കുകൾ കൊണ്ട് കളിക്കുകയായിരുന്നു എന്നു പറയപ്പെടുന്നു – തനിക്ക് ഒരർത്ഥവും അവർക്കു വേറൊരർത്ഥവുമുള്ള വാക്കുകൾ ഉപയോഗിച്ചുകൊണ്ട്. [5]ഈ പരിശീലനത്തെ പരിശോധിച്ച് രണ്ട് ലൗകിക എഴുത്തുകാരായിരുന്നു രണ്ടാം നൂറ്റാണ്ടിലെ പൗസാനിയസും മൂന്നാം നൂറ്റാണ്ടിലെ ആരംഭത്തിലെ ഫിലൊസ് ട്രാറ്റാസും. [6]ഈ ബാധയെ കുറിച്ച് ഗ്രീക്ക് എഴുത്തുകാരും പറഞ്ഞിട്ടുണ്ട്, ഉപദേശം സ്വീകരിക്കയും ബാധ ഒഴിവാക്കുകയും ചെയ്തു എന്നു സീചിപ്പിക്കുന്നു. [7]30–ാം വാക്യത്തിൽ അതേ വാക്ക് ഉപയോഗിക്കുന്നുണ്ട്. [8]ഈ വാക്കിൽ നിന്നാണ് നമുക്ക് "അഗ്നോസ്റ്റിക്," എന്ന വാക്ക് ലഭിച്ചത് അക്ഷരിക അർത്ഥം "അറിയാത്ത ആൾ" എന്നാണ്. ഒരു നിരീശ്വരവാദി പറയുന്നു, "ദൈവം ഇല്ല" എന്ന്; ഒരു അഗ്നോസ്റ്റ്ക് പറയുന്നു, "ദൈവം ഉണ്ടോ ഇല്ലയോ എന്ന് എനിക്കറിഞ്ഞു കൂടാ." [9]"ദൈവസഹായത്താൽ – ജീവിതങ്ങളെ മാറ്റൽ" എന്ന പാഠത്തിലെ 14:15–17 വരെയുള്ള നോട്ടുകൾ നോക്കുക. [10]പൗലൊസിന്റെ വാക്കുകൾ നമ്മെ ശലോമോന്റേയും (1 രാജാക്കന്മാർ 8:27) സ്തെഫനൊസിന്റെയും (പ്രവൃത്തികൾ 7:48, 49) വാക്കുകൾ നമ്മെ ഓർപ്പിക്കുന്നു.

[11]NASB ശരിയായി ഈ പദം തർജ്ജിമ ചെയ്തിട്ടുണ്ട്; മൂലഗ്രന്ഥത്തിൽ "വൺ"

എന്നാണ്. അനേകം തർജ്ജിമകൾ "വൺ" എന്നതിനോട് ഒരു വാക്ക് ചേർത്തിട്ടുണ്ട്. KJVയിൽ "വൺ ബ്ലഡ്" എന്നാണ്. ഈ വാക്യത്തിന്റെ പ്രായോഗിക സത്യം വൈദ്യശാസ്ത്രവും സമ്മതിച്ചിട്ടുണ്ട്. വർഗ്ഗമോ, ബന്ധമോ കണക്കിലെടുക്കാതെ ഒരാളുടെ രക്തം പോലെ തന്നെയാണ് മറ്റൊരാളുടേയും. രക്തത്തിന്റെ വ്യത്യാസം ബന്ധത്തെയോ വർഗ്ഗത്തെയോ സൂചിപ്പിക്കുന്നില്ല. [12]ഉല്പത്തി 3:20 ശ്രദ്ധിക്കുക. ഈ വാക്യം ഹവ്വയെ കുറിച്ചാണ് പറയുന്നതെങ്കിലും, പോയിന്റ് ഒന്നു തന്നെയാണ്. [13]ആനിക്രിസ്റ്റിൻ 1995, ആഗസ്റ്റ് 30 നാണ് ജനിച്ചത്. അവളുടെ മാതാപിതാക്കൾ ഞാൻ പ്രസംഗിക്കുന്ന ജൂഡസോണിയാ, ചർച്ച് ഓഫ് ക്രൈസ്റ്റിലാണ് സംബന്ധിക്കുന്നത്. പകരം ഒരു പ്രാദേശിക പ്രതിമയെ ചിത്രീകരിക്കാം. [14]17:26 ചിലർ എടുത്ത് വർഗ്ഗീയതയെ പറയാൻ ഉപയോഗിക്കുന്നു; അവർ പറയുന്നതു ആ വാക്യത്തിന്റെ അർത്ഥം "ദൈവം എല്ലാ മനുഷ്യരേയും ഓരോ സ്ഥാനത്തു വെച്ചിരിക്കുന്നു, അയാൾ അവിടെത്തന്നെ ആയിരിക്കണം." എങ്ങനെയായാലും, പരിഗണിക്കുന്നതു, യൂറോപ്പിലാണ്. അയാൾ ബന്ധപ്പെടുന്നതു എല്ലാ വിദ്യാഭ്യാസ, സാമൂഹിക തലത്തിലുള്ളവരുമായിട്ടാണ്. അയാൾ അവകാശപ്പെടുന്നതുപോലെ അറിയ - പ്പെടുന്ന "ദൈവം മുൻ നിശ്ചയിച്ച" സാമൂഹികമോ ഭൂമിശാസ്ത്രപരമോ ആയ "സ്ഥലത്തല്ല" "താമസിക്കുന്നത്." [15]ഒരാൾ എവിടെ താമസിച്ചാലും, ആ ദേശത്ത് ദൈവം പ്രവർത്തിച്ചു കൊണ്ടിരിക്കും എന്ന വസ്തുത സ്ഥാപിക്കാം. [16]എബ്രായർ 11:6 ഉം മത്തായി 7:7, 8 ഉം ആവർത്തന പുസ്തകം 4:29 ഉം നോക്കുക. [17]മൂലഗ്രന്ഥത്തിലെ 27-ാം വാക്യം മുൻപുള്ള ലഭിതമായ വാക്യങ്ങളോട് യോജിക്കുന്നു; വാക്യം 27 തുടങ്ങുന്നു, "ടു സീക്ക് ... ." [18]NIVയിൽ "ദൈവം ഇതു ചെയ്തതു *അങ്ങനെ* മനുഷ്യർ അവനെ അന്വേഷിക്കേണ്ടതിനത്രേ." (എംഫസിസ് മൈൻ.) [19]മനുഷ്യൻ ഭൂമിയിൽ ആയിരിക്കുന്നതിന്റെ മറ്റൊരു ഉദ്ദേശം, മത്തായി 5:16 നോക്കുക. "ദൈവത്തെ അന്വേഷിക്കൽ" മനുഷ്യന്റെ പ്രാരംഭ ഉദ്ദേശമായി കണക്കാക്കാം; "ദൈവത്തെ മഹത്വപ്പെടുത്തൽ," അന്തിമ ലക്ഷ്യമായും. [20]ഈ ഗെയിമിൽ വാലില്ലാത്ത ഒരു കഴുതയെ ചുമരിൽ വരക്കുക. കുട്ടികളുടെ കണ്ണുകൾ കെട്ടി ഒരു, പേപ്പർ വാലും സൂചിയും കൊടുക്കുക. മൂന്നു പ്രാവശ്യം അവരെ പിടിച്ച് തിരിച്ചിട്ട്, കഴുതയുടെ പേപ്പറിലുള്ള വാൽ ചുമരിൽ കൃത്യസ്ഥാനത്തു ചേർത്തു പിൻ ചെയ്യുവാൻ പറയുക. ഏറ്റവും അടുത്ത സ്ഥാനത്ത് വാൽ ഘടിപ്പിക്കുന്ന ആൾ വിജയിയാവും. മറ്റു രാജ്യങ്ങളിൽ, കുട്ടികളുടെ കണ്ണുകൾ കെട്ടി വേരെ ഗെയിം കളിക്കാറുണ്ട്. എന്റെ ചിത്രീകരണത്തിനു പറ്റിയ മറ്റേതെങ്കിലും ഒന്നു പകരം ആകാം.

[21]പൗലൊസിന്റെ അടുത്ത വാക്ക് - "നാമും അവന്റെ സന്താനമല്ലൊ" - എന്നതു സ്തോയിക്കരുടെ സർവ്വവും ദൈവമയം എന്ന ചിന്താഗതിക്കു നേരെ എതിരായിരുന്നു. [22]തിത്തൊസ് 1:12 സാധാരണ എപ്പിമെനിഡെസിനെ പ്രകീർത്തിക്കുന്നതായി കണക്കാക്കാം. എപ്പിമെനിഡെസിനെ ഗ്രീക്കു തത്വജ്ഞാനികൾ വളരെ ആദിരിച്ചിരുന്നു; ചില ഗ്രീക്കുകാർ അവൻ ദൈശ്വാസിയയനാണെന്നു പോലും കരുതിയിരുന്നു. [23]അരാത്താസ് പൗലൊസിനെപോലെ കിലിക്യക്കാരാനായിരുന്നു. പൗലൊസന്റെ തർസൊസിലെ ആരംഭപഠന സമയത്ത് അരാത്തസിന്റെ ഉദ്ധരണികൾ ധാരാളം കേട്ടിരിക്കാം. [24]മറ്റൊരു കവി, ക്ലീൻതെസ്, ഇതേ ആശയം വ്യത്യസ്ത വാക്കുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. [25]ദൈവത്തിന്റെ പ്രത്യേക ഗുണങ്ങളെ സൂചിപ്പിക്കുന്ന *തെയിയോൺ* എന്ന ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്ത "ഗോഡ് ഹെഡ്" എന്ന വാക്കാണ് KJV യിൽ. പഴയ ഇംഗ്ലീഷ് വാക്കായ "ഗോഡ് - ഹെഡ്" എന്നത് "ഗോഡ് ഹുഡ്" എന്ന ചിന്തിച്ചേക്കാം. "മാൻഹുഡ്" സൂചിപ്പിക്കുന്നതു അതാണ് മനുഷ്യനെ മനുഷ്യനാക്കുന്നത് എന്നാണ്, അതുകൊണ്ട് "ഗോഡ് ഹുഡ്" ദൈവത്തെ ദൈവമാക്കുന്ന ഗുണങ്ങൾ സൂചിപ്പിക്കുന്നു. NASB യിലെ "ഡിവൈൻ നാച്ചുർ" ഈ ആശയത്തെ വെളിവാക്കുന്നു. [26]പൗലൊസിന്റെ വിഗ്രഹാരാധനയെ കുറിച്ചുള്ള ഉപദേശത്തിന്റെ പ്രതികരണം കാണുവാൻ 19:23-28 നോക്കുക. [27]KJVയിൽ സുചിത്രമായ പദം "വിൻക്ഡ് അറ്റ്," എന്നാണ് പക്ഷേ ഗ്രീക്കിൽ സംയുക്തവാക്കാണുള്ളത് അർത്ഥം "ഓവർ" എന്നും "ടു ലുക്ക്" എന്ന് അർത്ഥം വരുന്ന മറ്റൊന്നുമാണത്. [28]ഇതേ തീർച്ചയുള്ള മറ്റൊരു പുസ്തകത്തിന്, റോമർ 1:20 നോക്കക. [29]പ്രവൃത്തികൾ 1-ാം ലക്ക

ത്തിലെ ശബ്ദസംഗ്രഹത്തിലെ "മാനസാന്തരം" എന്ന വാക്ക് നോക്കുക. [30]കാൾ മെനിഞ്ചർ, *വാട്ടെവെർ ബി കെയിം ഓഫ് സിൻ?* (ന്യൂയോർക്ക്: ഹാത്തോൺ ബുക്സ്, ഇൻക്., 1973), 195–96.

[31]ആ ദിവസം എപ്പോൾ ആയിരിക്കുമെന്ന് ദൈവത്തിന് ഒഴിച്ചു മറ്റാർക്കും അറിഞ്ഞുകൂടാ (മത്തായി 24:36). [32]വില്ല്യം ബാർക്ലേ, *ദ ആക്ട്സ് ഓഫ് ദ അപ്പൊസ്തൽസ്,* റെവ. ഈഡി. (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്ററർ പ്രെസ്, 1976), 132. [33]റോമർ 1:4; 1 കൊരിന്ത്യർ 15:20; മുതലായവ. [34]"31–ാം വാക്യത്തിലെ ഉള്ളടക്കം രണ്ടാമത്തെ പാഠത്തിൽ തുറന്നു കാണിക്കുന്നു. ആരാണ് ദൈവം നിയമിച്ച മനുഷ്യൻ? അവൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ സാഹചര്യം എന്തായിരുന്നു?" (എഫ്.എഫ്.ബ്രൂസ്, *ദ ബുക്ക് ഓഫ് ആക്ട്സ്*, റെവ. ഇഡി. [ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ഡബ്ലിയൂ ബി.ഏർഡ്മാൻസ് പബ്ലിഷിംഗ് കമ്പനി., 1988], 342). [35]പൗലൊസിനെ അവർ വിധിക്കുന്നതുകൊണ്ടോ അവൻ ദൈവം നീതിയോടെ ന്യായം വിധിക്കും എന്നു അരയോപകക്കാരോട് പറഞ്ഞത്? അവരുടെ സ്വയം – തൃപ്തി മനസിലാക്കിയതുകൊണ്ടാണോ പൗലൊസ് മാനസാന്തരത്തെ കുറിച്ച് പറഞ്ഞത്? [36]ഈ പാഠത്തിലെ "ഗുണമുള്ള ഹൃദയങ്ങൾ തേടൽ" എന്നതു നോക്കുക. [37]KJVയിൽ "മേക്ക്ഡ്" എന്നാണ്. മറ്റൊരു സാദ്ധ്യത "സ്കോഫ്ഡ്" എന്നാണ്. [38]വിയേഴ്സ്ബേ, 474. [39]ഈ പ്രസ്താവന അയെസ്കിലസിന്റെ *യൂമെനിഡെസ്*, ഉദ്ധരിച്ചത് റിച്ചാർഡ് ഓസ്റ്റർ ഇൻ *ദ ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്, പാർട്ട് II* (ആസ്റ്റിൻ, ടെക്സാസ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1979), 77. [40]ഈ പാഠത്തിലെ 17:18 ന്റെ വ്യാഖ്യാനം നോക്കുക.

[41]പിന്നീട് വരുന്ന ലക്കത്തിലെ 24:25 ന്റെ നോട്ടുകൾ നോകുക. [42]33–ാം വാക്യത്തിലെ പ്രയോഗം സൂചിപ്പിക്കുന്നത് പൗലൊസിനു ഇഷ്ടം പോലെ പോകുവാനും വരുവാനും കഴിഞ്ഞിരുന്നു എന്നു സൂചിപ്പിക്കുന്നു, അതുകൊണ്ട് ഔപചാരിക വിചാരണയിലായിരുന്നില്ല അവൻ. [43]1 കൊരിന്ത്യർ 2:1–3 സൂചിപ്പിക്കുന്നത് പൗലൊസിന്റെ അഥേനയിലെ അനുഭവം അവനെ നിരാശപ്പെടുത്തി എന്നാണ്. [44]പാരമ്പര്യം അനുസരിച്ച്, ദിയൊനുസ്യോസ് അഥേന സഭയിലെ ഒരു ബിഷപ്പ് (മൂപ്പൻ) ആയിതീർന്നു. ആയിരിക്കാം. മറ്റു പാരമ്പര്യവും അവനെ സംബന്ധിച്ച ഏതാണ്ട് അതുപോലെതന്നെ. ഇന്നു അഥേനയിൽ, അവന്റെ പേരിൽ ഒരു തെരുവ് ഉണ്ട്. [45]ഒരിക്കൽ കൂടെ ലൂക്കൊസ് ആരംഭ സഭയിലെ സ്ത്രീകളുടെ പങ്കിനെ ഊന്നി പറയുന്നു. [46]ദമരിസിന്റെ തിരിച്ചറിവിനെ കുറിച്ചുള്ള ഊഹങ്ങൾ വിവിധങ്ങളാണ് – "തെരുവിൽ നിന്നുള്ള ഒരു സ്ത്രീ" "അരിസ്റ്റോക്രസിയിലെ അംഗമായി" സങ്കല്പങ്ങളിൽ അധികവും കരുതുന്നത് അവൾ അരയോപകകുന്നിലെ പ്രസംഗം കേട്ടിരുന്നു എന്നാണ്, എന്നാൽ ലൂക്കൊസ് അതു പറയുന്നില്ല. ഒരു പക്ഷേ അവൾ ദൈവ – ഭക്തയായതുകൊണ്ട് പൗലൊസിന്റെ പള്ളിയിലെ പ്രസംഗം കേട്ടിരിക്കാം. [47]തിമൊഥെയൊസും ശീലാസും അഥേനയിൽ പൗലൊസിനോട് ചേർന്നോ എന്നു നമുക്കു തീർച്ചയില്ല. [48]പൗലൊസിന്റെ പ്രസ്താവനക്കു മറ്റു വിശദീകരണങ്ങളും ഉണ്ടാകും. ചില വ്യാഖ്യാതാക്കൾ വിശ്വസിക്കുന്നത് യോഗ്യമാകുന്ന പദം "ഇൻ കൊരിന്ത്" മനസിലാക്കേണ്ടതുണ്ട്, അതു സൂചിപ്പിക്കുന്നത്, *കൊരിന്തിനെ* സംബന്ധിച്ച് അടുത്ത പാഠത്തിലെ 18:8 ന്റെ വ്യാഖ്യാതാക്കൾ നോക്കുക. "അഖായയിലെ ആദ്യ ഫലം" ആയിരുന്നു. [49]*പ്രവൃത്തികൾ 1–ാം* ലക്കത്തിലെ 2:47 ന്റെ നോട്ടുകൾ നോക്കുക. [50]പുസ്തകം സംസാരിക്കുന്നത് "ചില പുരുഷന്മാർ [ചുരുങ്ങിയത് 2] ... അവരിൽ ദിയൊനുസിയോസും ... [+1] പിന്നെ ഒരു സ്ത്രീയെ ദമരിസ് [+1] മറ്റുള്ളവർ [+ ചുരുങ്ങിയതു 2 കൂടെ]."

---

## ദൈവശ്വാസിയമല്ലാത്ത ഉറവിടങ്ങളിൽ നിന്നു ഉദ്ധരിക്കൽ

അരയോപകക്കുന്നിൽ വെച്ചു പൗലൊസ് പ്രസംഗിച്ചതിൽ അവന്റെ ഉയർന്ന വിദ്യാഭ്യാസം പ്രതിഫലിപ്പിക്കയുണ്ടായി; തന്റെ സദസ്യർ ബഹുമാനിച്ചിരുന്ന ലൗകിക കവികളുടെ ഉദ്ധരണി എടുത്തു

കാണിക്കുവാൻ പൗലൊസിന് കഴിഞ്ഞിരുന്നു. വേറെ രണ്ടു തവണ കൂടെ പൗലൊസ് ദൈവശ്വാസിയമല്ലാത്ത ഉറവിടങ്ങളിൽ നിന്നു ഉദ്ധരിച്ചിട്ടുണ്ട്, അത് 1 കൊരിന്ത്യർ 15:33 ഉം തിത്തൊസ് 1:12 ഉം ആണ്. ഈ ഉദാഹരണങ്ങളിൽ നിന്നു നാം രണ്ടു കാര്യങ്ങൾ തീർച്ചപ്പെടുത്തുന്നു: (1) ചിത്രീകരണത്തിനോ വിശദീകരിക്കാനോ ദൈവശ്വാസിയമല്ലാത്ത ഉറവിടങ്ങളിൽ നിന്നു ഉപദേഷ്ടാക്കന്മാർ ഉപയോഗിക്കാവുന്നതാണ്. (2) അങ്ങനെ അപൂർവ്വമായി ഉപയോഗിക്കാമെന്നതിനു കുറെ ഉദാഹരണങ്ങൾ കാണാം. ഒരു ബൈബിൾ ക്ലാസിലോ പ്രസംഗത്തിലോ പുസ്തകങ്ങളിൽ നിന്നോ, മാസികകളിൽ നിന്നോ പത്രങ്ങളിൽ നിന്നോ, മറ്റു ലൗകിക ഉറവിടങ്ങളിൽ നിന്നോ ആരും ഇതും ഉദ്ധരിക്കാവുന്നതല്ല. ഏക ചുമതല നില നില്ക്കുന്നു: "*വചനം* പ്രസംഗിക്ക" (2 തിമൊഥെയൊസ് 4:2; എംഫസിസ് മൈൻ). സുവിശേഷം ഇപ്പോഴും രക്ഷക്കുള്ള ദൈവശക്തിയാകുന്നു (റോമർ 1:16).

## വിഗ്രഹാരാധന അന്നും ഇന്നും

അഥേനയിലെ വിഗ്രഹാരാധന കണ്ട് പൗലൊസിന്നു "കോപമുണ്ടായി." അവൻ പഴയനിയമ വേദഭാഗങ്ങളായ പുറപ്പാട് 20:4, 5; യെശയ്യാവ് 44:9–20; യിരെമ്യാവ് 10:3–5 അവൻ ഉയർത്തിയിരിക്കും. പുതിയ നിയമവും വിഗ്രഹാരാധനയെ വിലക്കിയിട്ടുണ്ട് (1 കൊരിന്ത്യർ 10:4; മുതലായവ.). വിഗ്രഹാരാധകരായി അന്യദേവന്മാരെ വണങ്ങുന്നതിൽ നിന്നു വ്യത്യസ്തമാണ് എന്ന് ചിലർ ചില മതവിഭാഗങ്ങൾ വെച്ചിരിക്കുന്ന വിഗ്രഹങ്ങളെ വന്ദിക്കുന്ന കാര്യം ചോദിക്കുമ്പോൾ പറയുന്നത്. "ഞങ്ങൾ അതു വെച്ചിരിക്കുന്നതു വെറും പ്രതീകാത്മകമായിട്ടാണ്," "ഞങ്ങൾ വിഗ്രഹത്തെയല്ല" മറിച്ച്, ഒന്നാം നൂറ്റാണ്ടിലെ. എങ്ങനെയായാലും, വിഗ്രഹാ – രാധനയും ഇന്നത്തെ വിഗ്രഹാ – രാധനയും തമ്മിൽ ചെറിയ വ്യത്യാസം ഉണ്ട്. ഒന്നാം നൂറ്റാണ്ടിൽ, അറിവുള്ള അന്യദേവന്മാരെ ആരാധിച്ചിരുന്നുവർ പറയും ഞങ്ങൾ വിഗ്രഹത്തെയല്ല, വിഗ്രഹം പ്രതിനിധാനം ചെയ്യുന്നവരെയാണ് ആരാധിക്കുന്നത്. വിഗ്രഹം, വെറുതെ വച്ചിരിക്കുന്നേയുള്ളു, ഞങ്ങൾ ആദരിക്കുന്നത് ദേവനെയാണ്; എന്നാൽ അജ്ഞരായി അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ പറയും ഞങ്ങൾ വിഗ്രഹത്തിന്റെ മുൻപിലാണ് കുമ്പിടുന്നത്. അതുപോലെ ഇന്ന് അറിവുള്ളവർ പറയും, ഞങ്ങൾ വെച്ചിരിക്കുന്ന പ്രതിമ ഒന്നുകിൽ യേശുവിന്റേത് (അല്ലെങ്കിൽ മറിയയുടേയോ മറ്റു പുണ്യവാളന്മാരുടേയോ), ആണെങ്കിലും ഞങ്ങൾ അവയെയല്ല വണങ്ങുന്നത് അവരെ പ്രതിനിധാനം ചെയ്യുന്നവരെയാണ്. പക്ഷേ അജ്ഞരായ ആളുകൾ വിഗ്രഹങ്ങളെയാണ് നമസ്കരിച്ചു പ്രാർത്ഥിക്കുന്നത്. "എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ വിഗ്രഹങ്ങളെ വിട്ടോടുവിൻ" (1 യോഹന്നാൻ 5:21).